ലേഖനം

എം.സി.എ നാസർ



# ഒബാമ കാണാതെ പോയ ഇരകളുടെ സങ്കടസമസ്യകൾ

**“ലോകത്തെമ്പാടുമുള്ള** മുസ്‌ലിംകൾക്കും അമേരിക്കൻ ഐക്യനാടുകൾക്കുമിടയിൽ പുതിയൊരു തുടക്കത്തിന് വഴിയൊരുക്കാനാണ് ഞാൻ ഇവിടെ എത്തിയത്. പരസ്പര ബഹുമാനത്തിലും താൽപര്യത്തിലും അധിഷ്ഠിതമായ തുടക്കം. അമേരിക്കയും ഇസ്‌ലാമും പരസ്പരം പുറന്തള്ളുന്നവരല്ലെന്നും അന്യോന്യം മൽസരിക്കേണ്ട കാര്യമില്ലെന്നുമുള്ള യാഥാർഥ്യത്തിലൂന്നിയ തുടക്കം.

പക്ഷേ, ഒറ്റ രാത്രി കൊണ്ട് മാറ്റം വന്നണയില്ല. വർഷങ്ങളുടെ തെറ്റിദ്ധാരണ തുടച്ചുമാറ്റാൻ ഒറ്റ പ്രസംഗം കൊണ്ടാവില്ലെന്നും എനിക്കറിയാം...”

തിരിച്ചറിവും യാഥാർഥ്യബോധവും വേണ്ടുവോളം. പക്ഷേ, അവ്യക്തതയും നിസ്സഹായതയും ആ ശരീരഭാഷയിൽ പ്രകടമായിരുന്നു. പ്രത്യാശയുടെ വാക്കുകൾ പുറത്തിടുകയും ഉടൻ അത് നിരാകരിക്കേണ്ടിവരികയും ചെയ്തതിന്റെ ധർമസങ്കടവും ലോകം കണ്ടു. ഒന്നുറപ്പ്, ഒബാമയുടെ മികച്ച പ്രസംഗങ്ങളിൽ ഒന്നായിരുന്നു ജൂൺ നാലിന് കയ്‌റോയിൽ നടത്തിയത്. വാക്കുകൾക്കും വികാരങ്ങൾക്കും നിയതമായ താളക്രമം ഉണ്ടായിരുന്നു. സാംസ്കാരിക സമന്വയം കൊ

**എട്ടാണ്ടുകൾ നീണ്ട ക്രൂരഭരണത്തിലൂടെ ബുഷ് ചവച്ചുതുപ്പിയ മനുഷ്യരുടെ ദീനവിലാപങ്ങളും തകർത്തെറിഞ്ഞ രാജ്യങ്ങളുടെ ആത്മാഭിമാനവും ചേർന്നുള്ള ആ പിടച്ചിൽ കയ്‌റോയിലെ പ്രസംഗവേദിയിൽ നിൽക്കെ, എന്തുകൊണ്ട് ഒബാമയിൽ കാണാതെ പോയി?**



*നസ്റുല്ലയും മിഷേൽ ഔനും*

# ബാമക്ക് കരുത്തേകുന്ന ലബനാൻ ഫലം

**ലബനാൻ** തെരഞ്ഞെടുപ്പിൽ ഭരണ സഖ്യം വിജയം നേടിയത് ഒബാമയുടെ പശ്ചിമേഷ്യൻ സ്വപ്നങ്ങൾക്ക് കൂടുതൽ നിറം പകർന്നേക്കും. പശ്ചിമേഷ്യൻ പ്രശ്ന പരിഹാരത്തിന് ഒബാമാ ഭരണകൂടം നടത്തുന്ന ശ്രമങ്ങൾക്ക് ഇതു കരുത്താകുമെന്നാണ് യു.എസ് നേതൃത്വം വ്യക്തമാക്കിയതും. 128 അംഗ പാർലമെന്റിൽ സഅദ് ഹരീരിയുടെ നേതൃത്വത്തിലുള്ള ഭരണപക്ഷം 69 സീറ്റുകളാണ് നേടിയത്. ഹിസ്ബുല്ലയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷ മുന്നണി 57 സീറ്റുകളിലൊതുങ്ങി. ഇത്തവണ വിജയം തങ്ങൾക്കൊപ്പമായിരിക്കുമെന്ന് ഹിസ്ബുല്ല സഖ്യം പ്രതീക്ഷിച്ചിരുന്നു. ശിഈ-ക്രിസ്ത്യൻ കേന്ദ്രങ്ങളിൽ ഹിസ്ബുല്ല സഖ്യം തങ്ങളുടെ മേധാവിത്വം നിലനിർത്തി.

ലബനാനിൽ ഹരീരിയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ അനുകൂല സർക്കാർ വരണമെന്ന് ഇസ്രയേൽ മുതൽ അറബ് രാജ്യങ്ങൾ വരെ ആഗ്രഹിച്ചിരുന്നു. തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കാൻ അമേരിക്ക ഇറങ്ങി കളിച്ചുവെന്ന ആരോപണം ശക്തമാണ്. എന്നാൽ ജനഹിതം അംഗീകരിച്ച് നല്ല പ്രതിപക്ഷമായി നിലയുറപ്പിക്കുമെന്നാണ് ഹിസ്ബുല്ല വ്യക്തമാക്കിയത്. ഹിസ്ബുല്ല വിജയിക്കുമെന്ന് മിക്ക മാധ്യമങ്ങളും വിലയിരുത്തിയ ഇലക്ഷനായിരുന്നു ഇത്. സിറിയക്കും ഇറാനും പ്രഹരമേൽപിച്ച് ഇസ്‌ലാമിക പ്രതിരോധ സംഘത്തെ നിർവീര്യമാക്കാൻ സാധിച്ചു എന്നത് വലിയ നേട്ടമായി യു.എസ് മാധ്യമങ്ങൾ വിലയിരുത്തുന്നു. എന്നാൽ നിലപാടിൽ മാറ്റമില്ലെന്നും ഇസ്രയേലുമായുള്ള ശത്രുത കൂടുതൽ ശക്തമായി തുടരുമെന്നും ഹിസ്ബുല്ല വ്യക്തമാക്കിയിട്ടുണ്ട്. പതിനേഴ് വംശീയ-മത പാർട്ടികളുടെ സങ്കീർണ ഘടനയാണ് ലബനാൻ രാഷ്ട്രീയം. സഅദ് ഹരീരിയെ പ്രധാനമന്ത്രിയായി നോമിനേറ്റ് ചെയ്യാനാണ് നീക്കം. 3.2 മില്യൻ വോട്ടർമാരിൽ 54 ശതമാനത്തിന്റെ പിന്തുണയാണ് ഭരണസഖ്യത്തിന് ലഭിച്ചതെന്നോർക്കണം.

1991നു ശേഷം ഏറ്റവും കൂടുതൽ പേർ വോട്ടു ചെയ്ത ഇലക്ഷൻ കൂടിയാണിത്. ക്രൈസ്തവ മേഖലയിൽ വൻ പോളിംഗാണ് നടന്നത്. പുതിയ ക്രിസ്ത്യൻ ബ്ലോക്ക് രൂപപ്പെടാനും സാധ്യതയുണ്ട്. പടിഞ്ഞാറൻ രാജ്യങ്ങൾ മാത്രമല്ല അറബ് തലസ്ഥാനങ്ങളും ലബനാൻ ഫലത്തിൽ ആശ്വാസം കൊള്ളുന്നു. 2006 ജനുവരിയിൽ ഫലസ്ത്വീനിൽ ഹമാസ് നേടിയ ജനവിധിയുടെ കാലുഷ്യങ്ങൾ ലബനാനിൽ ഹിസ്ബുല്ലയിലൂടെ ആവർത്തിച്ചേക്കുമെന്ന ഭീതിയായിരുന്നു പലർക്കും. ഹിസ്ബുല്ല സഖ്യം മുന്നേറ്റം നടത്തുമെന്നായിരുന്നു പൊതുവെ കണക്കുകൂട്ടലും. അതുകൊണ്ടു തന്നെ ആളും അർഥവും നൽകി ഇറങ്ങി കളിക്കാൻ ആസൂത്രിത ശ്രമം തന്നെയുണ്ടായി. വംശീയ ഘടകങ്ങളിൽ ഭീതി പടർത്തി വോട്ടുകളുടെ കേന്ദ്രീകരണം ഉറപ്പാക്കി. പക്ഷേ, ഇത്തരം കാര്യങ്ങളൊന്നും പറഞ്ഞ് ജനവിധിയെ അപഹസിക്കാൻ തയാറായില്ലെന്നതാണ് ഹിസ്ബുല്ലയുടെയും ഹസൻ നസ്റുല്ലയുടെയും മഹിമ. ജനങ്ങളുടെ തീരുമാനത്തെ അപ്പടി അംഗീകരിക്കുന്നുവെന്നും അവരിലേക്ക് കൂടുതൽ ഇറങ്ങാൻ ശ്രമിക്കുമെന്നുമാണ് ഹിസ്ബുല്ല നേതാവ് പറഞ്ഞത്. പടിഞ്ഞാറൻ ലോകത്തിന്റെ കപട ജനാധിപത്യ പ്രണയത്തിനിടയിൽ ഹിസ്ബുല്ല നേതാവിന്റെ പക്വമായ ഈ പ്രതികരണം ചരിത്രത്തിൽ വേറിട്ടു തന്നെ നിൽക്കും. ഹിസ്ബുല്ലയും മിഷേൽ ഔനിന്റെ ക്രിസ്ത്യൻ സഖ്യകക്ഷിയും തരക്കേടില്ലാത്ത സ്വാധീനവും സൃഷ്ടിച്ചിട്ടുണ്ട്. സിറിയയും ഇറാനുമായുള്ള ആത്മബന്ധത്തെ തള്ളിപ്പറയാനും ഹിസ്ബുല്ല തയാറായില്ല. ഇസ്രയേലിനും അമേരിക്കക്കുമെതിരായ പോരാട്ടത്തിൽ വിട്ടുവീഴ്ചയുണ്ടാകില്ലെന്നും ഹിസ്ബുല്ല ഓർമിപ്പിക്കുന്നു.

ജനാധിപത്യവും പ്രതിരോധവും കൈകോർത്തു പോകുമെന്നാണ് ഹസൻ നസ്റുല്ല വ്യക്തമാക്കിയത്. ഹിസ്ബുല്ല സഖ്യത്തിനും തരക്കേടില്ലാത്ത ജനപിന്തുണയുണ്ടെന്ന് തെരഞ്ഞെടുപ്പ് ഫലം തെളിയിച്ച സാഹചര്യത്തിൽ വിശേഷിച്ചും. ദേശീയ അനുരഞ്ജന സർക്കാർ എന്ന ആശയം മുന്നോട്ടു വെക്കാനല്ലാതെ പ്രതിപക്ഷത്തെ നിരാകരിക്കാൻ ഹരീരി സർക്കാറിനു കഴിയില്ല. ■

**എം.സി.എ**

തിക്കുന്ന ശരീരഭാഷ തുടക്കത്തിൽ സദസ്സിന് ഇമ്പം പകർന്നു. ചരിത്രവും വർത്തമാനവും ഭാവിയും ഒന്നര മണിക്കൂർ നീണ്ട ആ പ്രസംഗത്തിൽ ഇടകലർന്നിരുന്നു. പതിറ്റാണ്ടുകളുടെ ശൈഥില്യബന്ധത്തിൽ കാതലായ ഒരു തിരുത്ത് വേണമെന്ന സ്വപ്നം വാക്കുകളിൽ നിഴലിട്ടു. ഒരു ഡിബേറ്റ് മൽസരമായിരുന്നു കയ്റോയിൽ അരങ്ങേറിയതെങ്കിൽ ഉയർന്ന മാർക്ക് തന്നെ ഒബാമക്ക് ലഭിക്കുമായിരുന്നു.

പ്രസംഗവും അതിൽ നിഴലിടുന്നതായി നമ്മെ ബോധ്യപ്പെടുത്തുന്ന ആത്മാർഥതയും മാറ്റിനിർത്തിയാൽ കാതലായ പ്രഖ്യാപനങ്ങളോ തിരുത്തലിനുതകുന്ന ക്രിയാത്മക നടപടികളോ യു.എസ് പ്രസിഡന്റ് എന്ന നിലയിൽ ഒബാമയുടെ ഭാഗത്തു നിന്നുണ്ടായില്ല. എട്ടാണ്ടുകൾ നീണ്ട ക്രൂരഭരണത്തിലൂടെ ബുഷ് ചവച്ചുതുപ്പിയ മനുഷ്യരുടെ ദീനവിലാപങ്ങളും തകർത്തെറിഞ്ഞ രാജ്യങ്ങളുടെ ആത്മാഭിമാനവും ചേർന്നുള്ള ആ പിടച്ചിൽ കയ്റോയിലെ പ്രസംഗവേദിയിൽ നിൽക്കെ, എന്തുകൊണ്ട് ഒബാമയിൽ കാണാതെ പോയി? അറബ് -മുസ്‌ലിം ലോകത്തിന് സാന്ത്വനം പകരാൻ വാക്കുകളുടെ കൃത്യതക്കോ വരേണ്യവർഗ സദസ്സിന്റെ ഹർഷാരവങ്ങൾക്കോ സാധിക്കുമായിരുന്നില്ല. ബുഷുമായി താരതമ്യപ്പെടുത്തുമ്പോൾ ഒബാമ എത്ര മികച്ചവൻ എന്ന നിലക്കായിരുന്നു ഔദ്യോഗിക അറബ് മാധ്യമങ്ങളുടെ പോലും പ്രതികരണം. പാവങ്ങൾ!

ഒരു കാര്യം സമ്മതിക്കണം. ഒബാമയുടെ പശ്ചിമേഷ്യൻ യാത്ര തെറ്റിദ്ധാരണയുടെ പുകമറ തീർക്കാൻ കുറച്ചൊക്കെ ഉതകിയിട്ടുണ്ട്. റിയാദിലും അങ്കാറയിലും നടന്നത് ശരിയായ ഓട്ടപ്രദക്ഷിണമായിരുന്നു. കയ്റോ പ്രസംഗമായിരുന്നു മുസ്‌ലിം ലോകത്തോടുള്ള അമേരിക്കൻ പ്രസിഡന്റിന്റെ ഏറ്റവും വലിയ പി.ആർ എക്സർസൈസ്.

ഇസ്രയേൽ ലോബിയുടെ അദൃശ്യകരങ്ങൾ തന്നെയാണ് ഒബാമക്കും ഭാരമാകുന്നത്. കഴിഞ്ഞ അഞ്ചു മാസങ്ങൾ പ്രസിഡന്റ് ഒബാമയെ അവർ വളഞ്ഞിട്ടിരിക്കുകയാണ്. ഫലസ്ത്വീൻ പ്രശ്ന പരിഹാര ചർച്ച ഗൗരവപൂർണമായ അവസ്ഥയിലേക്ക് വരരുതെന്ന് അവർ അഭിലഷിക്കുന്നു. യു.എസ് കോൺഗ്രസിനെയും മാധ്യമങ്ങളെയും പൂർണനിയന്ത്രണത്തിലാക്കി ഒബാമയുടെ വിദൂര പിടച്ചിൽ സാധ്യത പോലും മറികടക്കുന്നതിൽ കുറെയൊക്കെ ജൂതലോബി വിജയിച്ചിരിക്കുന്നു.

ചരിത്രത്തെ പോലും വാക്കുകളുടെ ലാവണ്യത്തിലൂടെ ഗളഹസ്തം ചെയ്യാനുള്ള ബോധപൂർവമായ ശ്രമമാണ് ഒബാമയിൽ കണ്ടത്. അക്രമം ഉപേക്ഷിക്കാൻ പറയുന്ന അതേ ഒബാമ തന്നെയാണ് അഫ്ഗാനിലേക്ക് കൂടുതൽ സൈന്യത്തെ അയച്ച് നിസ്സഹായരായ മനുഷ്യരെ കൊന്നൊടുക്കാൻ നിർദേശിക്കുന്നത്. ഇറാഖിൽ നിന്ന് വൈകാതെ സൈന്യത്തെ തിരിച്ചുവിളിക്കുമെന്നു പറയുന്ന ഒബാമ ഭരണകൂടം തന്നെയാണ് പശ്ചിമേഷ്യയിൽ പുതിയ സൈനിക താവളങ്ങൾ പണിയാൻ കരാർ ലഭിക്കാൻ ഓടിനടക്കുന്നതും. എന്നിട്ടാണ് ' നാം ഇനിയെങ്കിലും സത്യസന്ധരാകണ'മെന്ന് ഒബാമ പറയുന്നത്. സർ, എന്താണ് ഈ സത്യസന്ധത?

ഇറാന്റെ കാര്യത്തിൽ മാത്രമാണ് സത്യസന്ധമായ ഒരഭിപ്രായപ്രകടനം ഒബാമ നടത്തിയത്. തെരഞ്ഞെടുത്ത ഇറാന്റെ മുൻ പ്രധാനമന്ത്രിയെ അട്ടിമറിക്കാൻ അമേരിക്ക പങ്കുവഹിച്ചുവെന്ന് ഒബാമ സമ്മതിക്കുന്നു: "ശീതസമരത്തിന്റെ മധ്യത്തിൽ ഇറാനിലെ ജനാധിപത്യപരമായി തെരഞ്ഞെടുത്ത സർക്കാറിനെ മറിച്ചിടുന്നതിൽ അമേരിക്ക പങ്കുവഹിച്ചിട്ടുണ്ട്."

**ഇറാഖിൽ നിന്ന് വൈകാതെ സൈന്യത്തെ തിരിച്ചുവിളിക്കുമെന്നു പറയുന്ന അതേ ഒബാമ ഭരണകൂടം തന്നെയാണ് പശ്ചിമേഷ്യയിൽ പുതിയ സൈനിക താവളങ്ങൾ പണിയാൻ കരാർ ലഭിക്കാൻ ഓടിനടക്കുന്നതും. എന്നിട്ടാണ് 'നാം ഇനിയെങ്കിലും സത്യസന്ധരാകണ'മെന്ന് ഒബാമ പറയുന്നത്. സർ, എന്താണ് ഈ സത്യസന്ധത?**

1953ൽ ഇറാൻ പ്രധാനമന്ത്രി മുഹമ്മദ് മുസാദിഗിനെ കലാപത്തിലൂടെ പുറംതള്ളാൻ സി.ഐ.എ രംഗത്തുവന്നതിന്റെ ഔദ്യോഗിക സാക്ഷ്യപ്പെടുത്തലാണിത്. കുറ്റബോധം തീണ്ടാതെയാണെങ്കിലും ഈ ഏറ്റുപറച്ചിൽ കേൾക്കാൻ സുഖമുണ്ട്. ഓപറേഷൻ അജാക്സ് എന്ന പേരിൽ സി.ഐ.എയുടെ കെർമിറ്റ് റൂസ് വെൽറ്റും ജനറൽ എച്ച്. നോർമാൻ സ്വാർകോഫുമായിരുന്നു അന്ന് അട്ടിമറിക്ക് ചുക്കാൻ പിടിച്ചിരുന്നത്. 1979ൽ തെഹ്റാനിലെ അമേരിക്കൻ എംബസി ഇറാൻ വിദ്യാർഥികൾ ഉപരോധിച്ചതോടെയാണ് ജിമ്മി കാർട്ടർക്ക് കാര്യങ്ങൾ കൈപ്പിടിയിൽ നിന്ന് വേർപെട്ടു പോയതായി ബോധ്യപ്പെടുന്നത്.

കയ്റോയിൽ നിന്നു തന്നെ വേണം മുസ്‌ലിം ലോകത്തെ അഭിസംബോധന ചെയ്യാനെന്ന് തീരുമാനിച്ചതും ആലോചിച്ചുറച്ചു തന്നെയാകണം. എല്ലാം തികഞ്ഞ ഈ മർദക ഭരണകൂടത്തിന്റെ തണലിലാണ് അറബ് ലോകത്തേക്ക് അമേരിക്ക പതിറ്റാണ്ടുകളായി പാലം പണിതത്. 'വിശ്വസിക്കാൻ കൊള്ളാവുന്ന ഏറ്റവും നല്ല കൂട്ടുകാരൻ' ആയി മുമ്പ് ബുഷ് ഹുസ്നി മുബാറകിനെ വാഴ്ത്തിയതും ആ ഉപകാരസ്മരണയുടെ ഗുണം കൊണ്ടാണ്. ഒബാമ പ്രസംഗം തുടങ്ങിയത് പക്ഷേ, ചരിത്രത്തെ വീണ്ടും തിരിച്ചു പിടിച്ചുകൊണ്ടാണെന്നു മാത്രം. "കാലാതിവർത്തിയായ അൽ അസ്ഹർ, കയ്റോ സർവകലാശാലകളുടെ അതിഥിയായി വന്നു നിൽക്കാൻ കഴിഞ്ഞതിൽ ഏറെ അഭിമാനമുണ്ട്...."

ബഗ്ദാദിലും കാബൂളിലും ഗസ്സയിലും വന്നുനിൽക്കാൻ കഴിയാത്തതുകൊണ്ടായിരിക്കാം ഒബാമ കയ്റോ തന്നെ തെരഞ്ഞെടുത്തതെന്ന് സമാധാനിക്കാം. പശ്ചിമേഷ്യയിൽ ജനാധിപത്യത്തെ അറുകൊല ചെയ്ത് സ്റ്റേറ്റ് ടെററിസത്തിന്റെ എല്ലാ ചേരുവകളും നിറഞ്ഞ ഹുസ്നി മുബാറക് ഭരണകൂടം ഒരുക്കിയ ചുവപ്പു പരവതാനിയിൽ ചവിട്ടി നിന്നുകൊണ്ടാണ് ജനാധിപത്യത്തെ കുറിച്ചും സ്വാതന്ത്ര്യത്തെ കുറിച്ചും ഒബാമ ഉജ്വല പ്രസംഗം നടത്തിയത്.

ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള അനുഭാവം, ഗ്വാണ്ടനാമോ തടവറ അടച്ചുപൂട്ടുമെന്ന പ്രഖ്യാപനം, ഫലസ്ത്വീൻ പ്രദേശങ്ങളിലെ നിയമവിരുദ്ധ ജൂത കുടിയേറ്റം നിർത്തണമെന്ന ആവശ്യം -ഇവയൊക്കെയാണ് ഒബാമയുടെ അനുകൂല നടപടികളായി പറയുന്നത്. സിനിക്കൽ കാഴ്ചപ്പാട് ഉപേക്ഷിച്ച് നമുക്കും തൽക്കാലം ഇതിനെയൊക്കെ വാഴ്ത്തിപ്പാടാം. പക്ഷേ, ഭേദപ്പെട്ട പ്രസംഗവും പ്രതീകാത്മക നടപടികളും കൊണ്ടു മാത്രമായില്ല. സമീപനങ്ങൾ മാറ്റുന്നതിനൊപ്പം കാര്യക്ഷമവും സുപ്രധാനവുമായ നടപ

ടികളും ആവശ്യമാണ്. അമേരിക്കൻ സമൂഹത്തിലും ഈ മാറ്റം നടക്കണം. സാംസ്കാരികവും മതപരവുമായ വൈവിധ്യങ്ങളുടെ സമ്പന്ന തലത്തിലേക്ക് ആ ജനതയെ കൊണ്ടുവരാൻ നടപടി വേണം. ഇസ്ലാമിൽനിന്ന് അമേരിക്കൻ ജനതക്ക് പലതും പഠിക്കാനുണ്ടെന്ന് ആലങ്കാരിക തൊങ്ങലുകൾ മാറ്റിനിർത്തി സ്വന്തം നാട്ടുകാരോട് കാര്യങ്ങൾ പറയാനും ഒബാമക്ക് കഴിയണം. ഏകപക്ഷീയതയിൽ എന്തു സാംസ്കാരിക സമന്വയം?

അമേരിക്കൻ പ്രസിഡന്റുമാർ ആരും തന്നെ വാക്കിന്റെ മികവിൽ അത്ര മോശമല്ലെന്ന് ചരിത്രം നമ്മെ പഠിപ്പിച്ചതാണ്. ഒരു വർഷം നീണ്ട പ്രസംഗ പരമ്പരയാണ് പ്രസിഡന്റിനെ തെരഞ്ഞെടുക്കാനുള്ള യോഗ്യതയെന്നിരിക്കെ വിശേഷിച്ചും. പക്ഷേ, മുസ്ലിം ലോകത്ത് ബറാക് ഹുസൈൻ ഒബാമക്ക് സവിശേഷ വ്യക്തിത്വമുണ്ട്. രണ്ടു സംസ്കാരങ്ങളുമായുള്ള സമ്പർക്കം വാക്കുകളുടെ സൗന്ദര്യം വർധിപ്പിക്കുന്ന നല്ലൊരു ഘടകമാണ്. രാജ്യത്തെയും ലോകത്തെയും മാറ്റിയെടുക്കാനുള്ള ഇഛാശക്തിയും കാഴ്ചപ്പാടും ധാരാളം.

ഈ ചരിത്രനിയോഗം ഒബാമ എങ്ങനെ പൂർത്തീകരിക്കും എന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. തുല്യാവകാശങ്ങളും നീതിയും കേവലം വായ്ത്താരിയായി ഒടുങ്ങിപോകരുതെന്നുണ്ട്. ഒന്നും കേൾക്കുകയോ കാണുകയോ ചെയ്യാൻ ആഗ്രഹിക്കാത്ത പ്രകൃതമായിരുന്നു ഇതുവരെ അമേരിക്കക്ക്. അതിൽ മാറ്റമുണ്ട്. ഇപ്പോൾ കേൾക്കാനുള്ള തിരിച്ചറിവിന്റെ ഇടം ഒബാമയിലൂടെ ലഭിച്ചിരിക്കുകയാണ്. അമേരിക്കയുടെ ഈ മാറ്റത്തെയാണ് ഒരു ജനത താൽപര്യപൂർവം ഉറ്റുനോക്കുന്നത്. ■

nazarmca@gmail.com